പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

11.12.14 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാചോദ്യം നം. 249

## കയർ കയറ്റുമതിയിലെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ.ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി. കെ. ഗുരുദാസൻ. | ശ്രീ.അടൂർ പ്രകാശ്<br>( ബഹു. റവന്യൂ & കയർ വകുപ്പ് മന്ത്രിക്ക്) |
| (എ)കയർ കയറ്റുമതിയിൽ രാജ്യം വളർച്ച നേടിയിട്ടും കേരളത്തിന്റെ കയറ്റുമതി വിഹിതത്തിൽ വൻ കുറവുണ്ടാകാനുള്ള കാരണം വിശദമാക്കാമോ ; | (എ) സംസ്ഥാനത്തു നിന്നുള്ള കയർ കയറ്റുമതിയിൽ കുറവു വന്നിട്ടുള്ളതായി കാണുന്നില്ല. |
| (ബി)സംസ്ഥാനത്ത് കയർ മേഖല നേരിടുന്ന പ്രതിസന്ധിയാണ് ഈ തിരിച്ചടിയ്ക്ക് കാരണമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) കയർമേഖലയിലെ പ്രതിസന്ധി വിലയിരുത്തി നടപടി സ്വീകരിച്ചിട്ടുണ്ട് ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഇടക്കാല ആശ്വാസം എന്ന നിലയിൽ സബ്സിഡി നിരക്കിൽ ചകിരി നൽകിയിരുന്നു. ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ തൊണ്ടുസംഭരണം വർദ്ധിപ്പിച്ച് ചകിരി ഉൽപ്പാദനം ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി സർക്കാർ പരിഗണിച്ചു വരികയാണ്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകി കഴിഞ്ഞു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/01/2014 ൽ കയർ മേഖല ഉൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്തി. അതിന്റെ തുടർച്ചയെന്നോണം കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27/02/2014, 02/03/2014, 30/05/2014 തീയതികളിൽ റവന്യു - കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തി നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടത്തിയ കയർ മേളകൾകൊണ്ട് കയർ മേഖലയ്ക്ക് എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (സി) കയർ മേളകൾ കൊണ്ട് കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ കയറ്റുമതിക്കാർക്കും കയർ മേഖലയിലുള്ള സഹകരണ സംഘങ്ങൾക്കും ഉൾപ്പെടെ കയർ മേഖലക്ക് പൊതുവെ നേട്ടമുണ്ടായിട്ടുണ്ട് |

| | |
|---|---|
| | |
| (ഡി)മേളകളുടെ ഭാഗമായി ലഭിച്ച വിദേശ വ്യാപാരം എത്രയെന്ന് അറിയിക്കാമോ ; | (ഡി) സ്വകാര്യ മേഖലക്ക് ലഭിച്ച വിദേശ വ്യാപാരം സംബന്ധിച്ച വിവരം ലഭ്യമല്ല. എന്നാൽ മേളകളുടെ ഭാഗമായും വിദേശ മേളകളിൽ പങ്കെടുത്തതിന്റെ ഭാഗമായും അത്തരം മേളകളിൽ പങ്കെടുത്ത വിദേശ ബയർമാരെ കയർ കേരളയിൽ പ ങ്കെടുപ്പിച്ചതിന്റെയും ഒക്കെ ഫലമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 672 ലക്ഷം രൂപയുടേയും, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് 163.47 ലക്ഷം രൂപയുടേയും കയർഫെഡിന് 239.58 ലക്ഷം രൂപയുടേയും വിദേശ വ്യാപാരം ലഭിച്ചിട്ടുണ്ട് |
| (ഇ) വിദേശ ഓർഡറുകൾ ലഭ്യമാക്കുന്നതിനുവേണ്ടി വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ യാത്രകൾക്ക് എന്തു തുക ചെലവുവന്നെന്ന് അറിയിമോ. യാത്രയുടെ ഫലമായി എന്തു തുകയ്ക്കുള്ള ഓർഡറാണ് ലഭിച്ചതെന്ന് വിശദമാക്കാമോ ? | (ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറിന്റെയും കയറുല്പന്നങ്ങളുടേയും വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിലായി 19 തവണ വിദേശത്ത് അന്താരാഷ്ട്ര മേളകളിൽ പങ്കെടുത്തിട്ടുണ്ട് ഇതിൽ റവന്യു കയർ വകുപ്പ് മന്ത്രി, ഉദ്യോഗസ്ഥരുമായി 8 തവണയും, ഉദ്യോഗസ്ഥർ മാത്രമായി 11 തവണയുമാണ് മേളകളിൽ പങ്കെടുത്തിട്ടുള്ളത്. ഇത്തരം വിദേശ മേളകളിൽ പങ്കെടുത്തതിന്റെ ഭാഗമായി കൂടുതൽ വിദേശ ബയർമാരെ വകുപ്പ് നടത്തുന്ന കയർ കേരള എക്സിബിഷനിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് ഇത്തരം മേളകളിൽ പങ്കെടുത്തതിന്റേയും കയർ കേരള എക്സിബിഷൻ നടത്തിയതിന്റേയും ഒക്കെ ഫലമായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 672 ലക്ഷം രൂപയുടേയും, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 163.47 ലക്ഷം രൂപയുടേയും കയർഫെഡ് 239.58 ലക്ഷം രൂപയുടേയും വിദേശ വ്യാപാരം നടത്തിയിട്ടുണ്ട്<br><br>കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഉൾപ്പെടെ മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും യാത്രകൾക്കായി 1,36,35,832/- രൂപ ചെലവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ